പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1194 — 30.09.2016 ൽ മറുപടിക്ക്

## ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം നഗരത്തിലെ രൂക്ഷമായ ഗതാഗത കുരുക്ക് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി നാളിതു വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; (സി) പ്രസ്തുത നടപടികൾ പര്യാപ്തമല്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; | (ബി) ഉം (സി) ഉം ഒറ്റപ്പാലം നഗരത്തിലെ ഗതാഗതകുരുക്കിന് പരിഹാരം ഉണ്ടാക്കുന്നതിനായി ഒറ്റപ്പാലത്ത് ഒരു ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേക്ക് ഭരണാനുമതിയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. കിഴക്കേ ഒറ്റപ്പാലം പാലോട് റോഡ് നിവാസികളുടെ എതിർപ്പു മൂലം സ്ഥലം ഏറ്റെടുപ്പു പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല. പാലക്കാട് ജില്ലാ കളക്ടർ, ഒറ്റപ്പാലം മുൻ എം. എൽ.എ എന്നിവരുടെ അദ്ധ്യക്ഷതയിൽ 06.11.2014 ന് ഒറ്റപ്പാലം റസ്റ്റ് ഹൗസിൽ യോഗം ചേരുകയുണ്ടായെങ്കിലും സമവായം ഉണ്ടായിട്ടില്ല.<br>ഒറ്റപ്പാലം ടൗണിൽ പോലീസ് ട്രാഫിക് നിയന്ത്രണം നടത്തുന്നുണ്ട്. റോഡിന് ഇരുവശവുമുള്ള അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് ഓപ്പറേഷൻ അനന്ത എന്ന പരിപാടി നടത്തി വരുന്നു. |
| (ഡി) ഇതു സംബന്ധിച്ച് എന്തെല്ലാം മേൽനടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) പാലക്കാട് കുളപ്പുള്ളി റോഡിൽ ഒറ്റപ്പാലത്തുള്ള കൈയേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്ഥലം ഏറ്റെടുത്ത് പരമാവധി വീതി കൂട്ടുന്ന പ്രവൃത്തിക്ക് നടപടികൾ സ്വീകരിച്ച് വരുന്നു. ഒറ്റപ്പാലം നഗരത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിലേക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ